## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.690 — 30/06/2015-ൽ മറുപടിക്ക്

### സുകൃതം പദ്ധതി

**ചോദ്യം**

ശ്രീ.പി.കെ.ബഷീർ

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും.
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാൻസർ രോഗികളുടെ ചികിത്സ സൗജന്യമായി ചെയ്യുന്നതിന് സുകൃതം എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ക്യാൻസർ രോഗികൾക്ക് 8 പ്രധാന ആശുപത്രികളിൽ ക്യാൻസർ ചികിത്സ സൗജന്യമാക്കുന്ന സുകൃതം പദ്ധതി 2014 മുതൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാലും ക്യാൻസർ രോഗചികിത്സയ്ക്ക് ഭാരിച്ച ചെലവ് വേണ്ടി വരുന്നതിനാലും സാധാരണക്കാരായ ജനങ്ങൾക്ക് ക്യാൻസർ ചികിത്സ അപ്രാപ്യമാകുകയും ക്യാൻസർ മരണ നിരക്ക് കൂടുന്നതിന് കാരണമാകുകയും ചെയ്യുന്നു. ഈ അവസ്ഥ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് സുകൃതം. ദാരിദ്ര്യ രേഖയ്ക്ക് താഴെവരുന്ന എല്ലാ ജനങ്ങൾക്കും ക്യാൻസർ ചികിത്സ സൗജന്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. തിരുവനന്തപുരം റീജയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ കണ്ണൂർ, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് ആദ്യഘട്ടത്തിൽ ഈ പദ്ധതി ലഭ്യമാകുക. RSBY/ കാരുണ്യ/ താലോലം തുടങ്ങിയ ഫണ്ടുകൾ പ്രയോജനപ്പെടുത്തിയ ശേഷമേ സുകൃതം ഫണ്ട് ഉപയോഗപ്പെടുത്തുകയുള്ളൂ. ഇതിനായി സംസ്ഥാനതലത്തിൽ ഒരു സൊസൈറ്റി രൂപീകരിക്കുകയും ധനസമാഹരണത്തിന് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സുകൃതം പദ്ധതിയിൽ ഉൾപ്പെടുന്നതിന് ആർക്കാണ് അപേക്ഷ നൽകേണ്ടതെന്ന് വ്യക്തമാക്കുമോ; | (സി) | ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി അതാത് ആശുപത്രികളിൽ നിയമിച്ചിട്ടുള്ള സുകൃതം വോളന്റിയേഴ്സിനെ രോഗിയുടെ പേര് ഉൾപ്പെട്ട റേഷൻ കാർഡുമായി സമീപിച്ചാൽ പ്രസ്തുത രോഗിയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ ചികിത്സ ലഭ്യമാക്കുന്നതാണ്. |
| (ഡി) | കാൻസർ രോഗം കൊണ്ട് കഷ്ടപ്പെടുന്ന എല്ലാവരെയും എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ പ്രസ്തുത പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെ തന്നെ കാൻസർ രോഗികളുടെ ചികിത്സാ സഹായത്തിനായി കാരുണ്യ ബെനവലന്റ് ഫണ്ട് നിലവിലുണ്ട്. സുകൃതം പദ്ധതി ബി.പി.എൽ. വിഭാഗം കാൻസർ രോഗികൾക്ക് മാത്രമായി ഉള്ളതാണ്. |

സെക്ഷൻ ഓഫീസർ